>> റിപ്പോർട്ട്



പദ്ധതിയുടെ പ്രഖ്യാപനവും ഉദ്ഘാടനവും ജ. ഇ കേരള അമീർ ടി. ആരിഫലി നിർവഹിക്കുന്നു

## കാരുണ്യത്തിന്റെ മഹാസാഗരമായി

# എൻഡോസൾഫാൻ പുനരധിവാസപദ്ധതി

**കാസർകോട്:** കാരുണ്യവും ഉദാരതയും ഇനിയും വറ്റിയിട്ടില്ലെന്ന് തെളിയിച്ച സായാഹ്നത്തിൽ സോളിഡാരിറ്റിയുടെ എൻഡോസൾഫാൻ പുനരധിവാസപദ്ധതി കാസർകോട് ബസ്സ്റ്റാന്റ് പരിസരത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടു. കശുമാവിൻ തോട്ടങ്ങളിലെ തേയില ക്കൊതുകിനെ നശിപ്പിക്കാൻ തളിച്ച എൻഡോസൾഫാൻ എന്ന സർവനാശിനിയുടെ ഇരകളായ മനുഷ്യരുടെ സാന്നിധ്യത്താൽ വികാരനിർഭരമായ ചടങ്ങിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലിയാണ് പദ്ധതിയുടെ പ്രഖ്യാപനവും ഉദ്ഘാടനവും നടത്തിയത്.

കേരള സർക്കാറിന്റെ അധീനതയിലുള്ള പ്ലാന്റേഷൻ കോർപറേഷൻ ഓഫ് കേരളയുടെ കീഴിൽ കാസർകോട് ജില്ലയിൽ എണ്ണായിരത്തോളം ഏക്കർ ഭൂമിയിലാണ് കശുമാവ് കൃഷി ചെയ്യുന്നത്. കശുമാവ് പൂക്കളെ ആക്രമിക്കുന്ന തേയില ക്കൊതുകിനെ നശിപ്പിക്കാൻ 1980 മുതൽ എൻഡോസൾഫാൻ എന്ന കീടനാശിനിയാണ് വ്യാപകമായി പ്രയോഗിച്ചത്. ഹെലികോപ്റ്ററിൽ ഏരിയൽ സ്പ്രേയിംഗിലൂടെയായിരുന്നു കീടനാശിനി തളിക്കൽ.

യാതൊരു സുരക്ഷാ ക്രമീകരണങ്ങളും പാലിക്കാതെയാണ് എൻഡോസൾഫാൻ നിർബാധം ആ ജനതക്കുമേൽ പെയ്തുകൊണ്ടിരുന്നത്. ജില്ലയിലെ 11 പഞ്ചായത്തുകളിലെ കുടുംബങ്ങൾ ഇതിന്റെ ഇരകളായി. കാൻസർ, അംഗവൈകല്യം, അപസ്മാരം, വളർച്ചക്കുറവ്, അന്ധത, ബധിരത, ശരീരഭാഗങ്ങളുടെ അമിതമായ വളർച്ച, സോറിയാസിസ് തുടങ്ങിയ വിവിധ രോഗങ്ങളാൽ

4000-ത്തിലധികം പേരാണ് പ്രയാസപ്പെടുന്നത്. 200-ലധികം ആളുകൾക്ക് ജീവഹാനി നേരിട്ടു. ഇതിനുപുറമെ രോഗം തീർത്ത കടുത്ത ദാരിദ്ര്യവും.

കൃഷിവകുപ്പ് ഉദ്യോഗസ്ഥയായ ലീലാകുമാരിയമ്മ നടത്തിയ നിയമയുദ്ധമാണ് ഈ ദുരന്തം പുറംലോകമറിയാൻ കാരണമായത്. പരിസ്ഥിതി പ്രവർത്തകരുടെയും മാധ്യമപ്രവർത്തകരുടെയും ഇടപെടൽ പ്രശ്നത്തെ ജനകീയമാക്കി. രൂപീകരണകാലം മുതൽ തന്നെ സോളിഡാരിറ്റിയും എൻഡോസൾഫാനെതിരെയുള്ള സമരത്തിൽ ശക്തമായി ഇടപെട്ടിട്ടുണ്ട്. ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി 'വിഷമഴയുടെ ഇരകൾക്ക് സാന്ത്വനം' എന്ന പേരിൽ സോളിഡാരിറ്റി നടത്തിയ വിഭവസമാഹരണവും വിതരണവും ദുരിതബാധിതർക്ക് ലഭിക്കുന്ന ആദ്യത്തെ സംഘടിത സഹായമായിരുന്നു.

12-ലധികം അന്വേഷണ കമീഷനുകളാണ് വിവിധ കാരണങ്ങൾ കണ്ടെത്തി പലവിധ റിപ്പോർട്ടുകൾ തയാറാക്കി കോടികൾ തുലച്ചത്. 2002-ൽ കേരള ഹൈക്കോടതിയും 2004-ൽ സംസ്ഥാന സർക്കാറും 2005-ൽ കേന്ദ്രസർക്കാറും കേരളത്തിൽ എൻഡോസൾഫാൻ ഉപയോഗവും വിൽപനയും നിരോധിച്ചു.

കഴിഞ്ഞ യുഡിഎഫ് സർക്കാറിന്റെ കാലത്ത് ജില്ലാ ഭരണകൂടം 8.40 കോടി രൂപയുടെ ദുരിതാശ്വാസപദ്ധതി സമർപ്പിച്ചിരുന്നു. പക്ഷേ, യാതൊരു നടപടിയും ഉണ്ടായില്ല. 2006-ൽ അധികാരമേറ്റ വി.എസ് സർക്കാർ 1995 മുതൽ 2006 ജൂലൈ 31 വരെ മരണപ്പെട്ട 135 പേരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം നൽകിയത് കുറച്ചെങ്കിലും ആശ്വാസമായി. ഇതോടൊപ്പം മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്താനുള്ള 50 ലക്ഷം രൂപയുടെ പദ്ധതിയും നടന്നു വരുന്നുണ്ട്.

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് സർക്കാർ പദ്ധതിയുടെ നിർവഹണം നടക്കുന്നത്. സർക്കാർ മെഡിക്കൽ ക്യാമ്പുകളിൽ വിതരണം ചെയ്ത അംഗവൈകല്യം തെളിയിക്കുന്ന കാർഡ് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതല്ലാതെ മറ്റാനുകൂല്യങ്ങളൊന്നും ഈ ദുരിതബാധിതർക്ക് ലഭിക്കുന്നില്ല. വിവിധ പഞ്ചായത്തുകൾ തയാറാക്കിയ ദുരിതബാധിതരുടെ പട്ടിക ജില്ലാപഞ്ചായത്തിന്റെ മുമ്പിലുണ്ട്. ചികിത്സാ സംവിധാനങ്ങൾ ഭാഗികമായി ഉണ്ടായെങ്കിലും ദുരിതബാധിതരുടെ പട്ടിണിമാറ്റാനുതകുന്ന പദ്ധതികളൊന്നും ഇനിയുമുണ്ടായിട്ടില്ല.



ഈ സാഹചര്യത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ബഹുമുഖ പുനരധിവാസ പദ്ധതി സോളിഡാരിറ്റി മുന്നോട്ടു വെക്കുന്നത്. ദുരിതബാധിതർ ഏറെയുള്ള എൻമകജെ, കുംബഡാജെ, മുളിയാർ, കയ്യൂർ ചീമേനി, പുല്ലൂർ പെരിയ എന്നീ അഞ്ച് പഞ്ചായത്തുകളെയാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിക്കാവശ്യമായ പണം ജനങ്ങളിൽനിന്ന് പിരിച്ചെടുക്കുകയായിരുന്നു. 2007 ആഗസ്റ്റ് 15-ന് ജ. വി.ആർ കൃഷ്ണയ്യരിൽ നിന്ന് ആദ്യസംഭാവന സ്വീകരിച്ച് ധനസമാഹരണത്തിന് തുടക്കം കുറിച്ചു. സോളിഡാരിറ്റിയുടെ പ്രതീക്ഷകളെ കവച്ചുവെച്ച ആവേശകരമായ പ്രതികരണമാണ് കേരളീയ സമൂഹത്തിൽനിന്ന് ലഭിച്ചത്. കടകൾ, വീടുകൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മസ്ജിദുകൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ തുടങ്ങി ജനജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽനിന്ന് അഭൂതപൂർവമായ സഹകരണമാണ് സോളിഡാരിറ്റിയുടെ ധനസമാഹരണത്തിന് ലഭിച്ചത്.

പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത അഞ്ച് പഞ്ചായത്തുകളിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിശദമായ സർവേ നടന്നു. സർവേയിലൂടെ കണ്ടെത്തിയ ദുരിതബാധിതർക്ക് ഏതു മേഖലയിലാണ് സഹായം നൽകേണ്ടതെന്ന് തീരുമാനിക്കുന്നതിനായി ബന്ധപ്പെട്ട നിർവഹണകമ്മിറ്റികളുടെ വിശദമായ സിറ്റിംഗ് നടത്തി. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ ഭവന നിർമാണം, ചികിത്സ, റേഷൻ, തൊഴിൽ, വിദ്യാഭ്യാസം എന്നീ അഞ്ച് വിഭാഗങ്ങളിലായി ക്രമീകരിച്ചു. പ്രൊജക്റ്റ് നടത്തിപ്പ് ചെലവുകൾ ഉൾപ്പെടെ 50 ലക്ഷം രൂപയാണ് ഒന്നാംഘട്ട പദ്ധതിയുടെ ചെലവായി കണക്കാക്കിയിട്ടുള്ളത്. 2009 മാർച്ച് 31-നകം ആദ്യഘട്ടം പൂർത്തിയാക്കും. ഒന്നാം വർഷപദ്ധതി നടത്തിപ്പ് വിലയിരുത്തിയ ശേഷം വീണ്ടും സഹായം നൽകേണ്ടവരെ അടുത്ത ഘട്ടത്തിലും പരിഗണിക്കും.

35 കുടുംബങ്ങളെയാണ് ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 18 കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമിച്ചു കൊടുക്കുകയും 17 കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്യും. 350 ച.അടി വിസ്തീർണമുള്ള കോൺക്രീറ്റ് വീടുകളാണ് നിർമിക്കുക. ഒരു വീടിന് 1,20,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഒരു വീടിന്റെ അറ്റകുറ്റപ്പണിക്ക് 50,000 രൂപയും. ഈ ഇനത്തിൽ 30 ലക്ഷം രൂപ ചെലവാകും.

126 പേർക്ക് ചികിത്സാ സഹായം നൽകും. വിദഗ്ധപരിശോധന, സ്ഥിരമായി മരുന്ന് വാങ്ങുന്നതിനുള്ള സഹായം, കൃത്രിമ കാൽ, വാട്ടർ ബെഡ്ഡുകൾ എന്നിവ നൽകൽ, ഫിസിയോ തെറാപ്പി, ശസ്ത്രക്രിയ എന്നിവക്കാണ് തുക ചെലവഴിക്കുക. രോഗം ഗുരുതരമാണെങ്കിൽ 5,000 രൂപ മുതൽ 25,000 രൂപ വരെ രോഗിക്ക് ലഭിക്കും. 7 ലക്ഷം രൂപയാണ് ഒരു വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. 87 കുടുംബങ്ങളുണ്ട് ഈ വിഭാഗത്തിൽ. ഒരു കുടുംബത്തിനാവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഓരോ മാസവും എത്തിച്ചുകൊടുക്കും. കുടുംബാംഗങ്ങളുടെ എണ്ണമനുസരിച്ച് 500/750 രൂപക്കുള്ള വിഭവങ്ങളാണ് ഓരോ മാസവും നൽകുക. ഒരു വർഷത്തെ ചെലവിലേക്ക് 6 ലക്ഷം രൂപ

കണക്കാക്കിയിട്ടുണ്ട്.

7 കുടുംബങ്ങൾക്ക് തയ്യൽ മെഷീൻ, പശു-ആട് വളർത്തൽ, കച്ചവടം എന്നിവക്ക് സഹായം നൽകും. 5,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരു കുടുംബത്തിന് ലഭിക്കുക. ഇതിനായി ഒരു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

32 കുട്ടികളെയാണ് വിദ്യാഭ്യാസ സഹായം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് പുസ്തകവും യൂണിഫോമും വാങ്ങുന്നതിനും ഫീസ്, യാത്രക്കൂലി തുടങ്ങിയവക്കുമാണ് സഹായം നൽകുക. 2,000 രൂപ മുതൽ 6,000 വരെയായിരിക്കും സഹായം. ഒരു വർഷത്തേക്ക് ഒരുലക്ഷം രൂപ ഇതിനായി വിനിയോഗിക്കും.

എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ പ്ലാന്റേഷൻ കോർപറേഷനും കീടനാശിനി കമ്പനികളും സന്നദ്ധമാവണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അമീർ ആവശ്യപ്പെട്ടു. കീടനാശിനി വൈധവ്യം നൽകിയവർക്കും അനാഥരായ കുട്ടികൾക്കും നഷ്ടപരിഹാരം പൂർണമായ അർഥത്തിൽ സാധ്യമല്ല. പ്രതീകാത്മക പരിഹാരമാണ് ചെയ്യേണ്ടത്. മത, സാമുദായിക വിവേചനത്തിന്റെ അംശലേശമില്ലാതെ സഹായം നൽകാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് പുനരധിവാസ പദ്ധതിയിലൂടെ സോളിഡാരിറ്റി ഏറ്റെടുക്കുന്നത്. അവശ ജനവിഭാഗങ്ങൾക്കിടയിൽ സേവന, സമരപോരാട്ട ശൈലിയാണ് സോളിഡാരിറ്റി സ്വീകരിച്ചുവരുന്നത്. 100 വീടുകൾ ലക്ഷ്യമിട്ട് പ്രവർത്തിച്ചപ്പോൾ 400-ലേറെ വീടുകൾ നിർമിക്കാനുള്ള തുക കേരളീയ സമൂഹം സോളിഡാരിറ്റിയെ വിശ്വസിച്ചേൽപ്പിച്ചു. എൻഡോസൾഫാൻ പുനരധിവാസത്തിന് സ്വരൂപിച്ച ഫണ്ട് സർക്കാർ സംവിധാനങ്ങൾക്ക് കൈമാറിക്കൂടേ എന്ന ചോദ്യമുയരാം. ഫണ്ട് മൂല്യവർധിതമാക്കി ദുരിത മേഖലയിൽ ചെലവഴിക്കാൻ കഴിയുന്നു എന്നതാണ് സോളിഡാരിറ്റി ശൈലിയുടെ ഫലം. കർമശേഷികൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ബ്യൂറോക്രസിയുടെ സാങ്കേതികക്കുരുക്ക് സൃഷ്ടിക്കുന്ന കാലതാമസം സോളിഡാരിറ്റിയുടെ പ്രവർത്തനത്തിലുണ്ടാവുകയില്ലെന്ന് അമീർ പറഞ്ഞു. മറ്റു മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും ഈ പ്രവർത്തനം ഏറ്റെടുക്കാൻ കടന്നുവരണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

മുളിയാർ പഞ്ചായത്തിലെ ഷാഹിനക്ക് രേഖ കൈമാറി വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം സി.എച്ച് കുഞ്ഞമ്പു എം.എൽ.എ നിർവഹിച്ചു. ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ് സോളിഡാരിറ്റി നടത്തുന്നതെന്ന് എം.എൽ.എ അഭിപ്രായപ്പെട്ടു. അമ്പത് ലക്ഷം രൂപ പിരിച്ചുണ്ടാക്കുകയും അത് യഥാവിധി വിനിയോഗിക്കുകയും ചെയ്യുകയെന്നത് നിസ്സാര കാര്യമല്ല.

കയ്യൂർ ചീമേനി പഞ്ചായത്തിലെ കൗസല്യക്ക് രേഖ കൈമാറി ഭവന നിർമാണപദ്ധതി ഉദ്ഘാടനം പള്ളിപ്രം ബാലൻ എം.എൽ.എ നിർവഹിച്ചു. സർക്കാർ പദ്ധതികൾ പരിമിതമായിരിക്കെ സോളിഡാരറ്റിയുടെ സംരംഭം ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. കീടനാശിനി ഉപയോഗത്തിന്റെ ഇരകൾ മറ്റു ജില്ലകളിലുമുണ്ടെന്ന് നിയമസഭാസമിതി തെളിവെടുപ്പ് വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിളകളെയും മണ്ണിനെയും മനുഷ്യരെയും എന്നന്നേക്കുമായി നശിപ്പിക്കുന്ന കീടനാശിനി രാസവളപ്രയോഗങ്ങളെക്കുറിച്ച് സമൂഹത്തിൽ ഗൗരവമായ ചർച്ച നടക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എൻമകജെ പഞ്ചായത്തിലെ ശ്രുതിക്ക് രേഖ നൽകി ചികിത്സാ പദ്ധതിയുടെ ഉദ്ഘാടനം ഡോ. മോഹൻകുമാർ നിർവഹിച്ചു. മരണാനന്തരം ലഭിക്കുന്ന അരലക്ഷത്തേക്കാൾ ഇരകളായി കഴിയുന്ന കുടുംബങ്ങളിലേക്ക് സോളിഡാരിറ്റി പ്രവർത്തകർ എത്തിച്ച അരിയുടെ കിറ്റിനാണ് താൻ വിലകൽപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അധികാരകേന്ദ്രങ്ങളോട് നിരന്തരം ആവശ്യപ്പെടുന്നതും ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കണമെന്നാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഒരു മഹാപ്രസ്ഥാനമാക്കിമാറ്റുകയാണ് സോളിഡാരിറ്റി എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുല്ലൂർ പെരിയ പഞ്ചായത്തിലെ അനിൽകുമാർ രത്നക്ക് രേഖ കൈമാറി റേഷൻ പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് മുബാറക് ഹാജി നിർവഹിച്ചു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് സോളിഡാരിറ്റിയുടെ സംരംഭങ്ങൾ കരുത്ത് പകരുമെന്ന് അദ്ദേഹം പറഞ്ഞു.

കുംബടാജെ പഞ്ചായത്തിലെ യോഗേഷിന് രേഖ കൈമാറി തൊഴിൽ പദ്ധതി പ്രൊഫ. എം.എ റഹ്മാൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരിയിൽ സംഭവിക്കുന്നത് മാത്രമല്ല, ഈ ധന്യവേദിയിൽ കാണുന്നതും കേരള കാഴ്ചയാണെന്ന തിരിച്ചറിവുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. എൻഡോസൾഫാൻ ഇരകളുടെ ദൃശ്യാവിഷ്കാരത്തിനായി 20 ദിവസം നടത്തിയ യാത്രയിൽ മനസ്സിൽ കൊണ്ടുനടന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് ഈ സംരംഭം.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ അധ്യക്ഷത വഹിച്ചു. അധികാര കേന്ദ്രങ്ങളിൽനിന്ന് ഏറെ അകലെ കിടക്കുന്ന കാസർകോട് ജില്ലയിൽ സംഭവിച്ച കീടനാശിനി ദുരന്തം മധ്യകേരളത്തിലോ തെക്കൻ കേരളത്തിലോ ആയിരുന്നെങ്കിൽ ഇതിനകം പരിഹരിക്കപ്പെടുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സോളിഡാരിറ്റി സ്വരൂപിച്ച ഫണ്ടിന്റെ അവസാന നാണയവും പ്രവർത്തകരുടെ കർമശേഷിയോടൊപ്പം ദുരന്തമേഖലയിൽ ചെലവഴിക്കും.

ജില്ലാ പഞ്ചായത്തിന്റെ അടുത്ത പദ്ധതി രൂപീകരണ വേളയിൽ സോളിഡാരിറ്റി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുമെന്ന് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എ അഷ്റഫ് അലി പറഞ്ഞു.

ഈ ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച മുഴുവൻ കമീഷനുകളും എൻഡോസൾഫാൻ ലോബിയുടെ പാദസേവകരായിരുന്നു എന്ന് *മാതൃഭൂമി* സീനിയർ റിപ്പോർട്ടറും സാംസ്കാരിക പ്രവർത്തകനുമായ കെ.എം. അഹമ്മദ് പറഞ്ഞു.

എൻമകജെ പഞ്ചായത്ത് പ്രസിഡന്റ് എ. പുഷ്പ, എൻഡോസൾഫാൻ വിരുദ്ധ സമര സമിതി ചെയർമാൻ നാരായണൻ പേരിയ, എസ്.ഐ.ഒ. സംസ്ഥാന സമിതിയംഗം ടി. ശാക്കിർ എന്നിവർ സംസാരിച്ചു. ജ. ഇ. ജില്ലാ പ്രസിഡന്റ് പി.കെ അബൂബക്കർ നദ്‌വി സമാപനപ്രഭാഷണം നടത്തി. സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ശഫീഖ് സ്വാഗതവും ജില്ലാ പ്രസിഡന്റ് ശഫീഖ് നസ്റുല്ല നന്ദിയും പറഞ്ഞു. ■